നഗരങ്ങളിലും ഗ്രാമപ്രദേശത്തും പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന, വനിതകൾക്കും അപ്രന്റീസ് പരിശീലകർക്കും, തൊഴിൽ ചെയ്യുന്ന വനിതകൾക്കും അവരുടെ 18 വയസ്സുവരെയുള്ള പെൺമക്കൾക്കും 5 വയസ്സുവരെയുള്ള ആൺമക്കൾക്കും അമ്മമാർക്കൊപ്പം സുരക്ഷിതമായ താമസസൗകര്യം ഒരുക്കുക എന്നതാണ് ടി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) 100% കേന്ദ്ര സഹായ പദ്ധതിയായ ടി ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 299.82 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തി പ്രാരംഭഘട്ടത്തിലായതിനാൽ ടി തുക ട്രഷറിയിൽ നിക്ഷേപിച്ചിരിയ്ക്കുകയാണ്. നിർമ്മാണം പുരോഗമിയ്ക്കുന്ന മുറയ്ക്ക് ടി തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതാണ്.

(സി) 100% കേന്ദ്ര സഹായം ഉപയോഗിച്ചുള്ള പദ്ധതിയാണിത്. അതനുസരിച്ച് ഓരോ ഹോസ്റ്റലിനും കേന്ദ്രം അനുവദിക്കുവാനായി അംഗീകരിച്ചതും ലഭ്യമാക്കിയിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫോർഷോർ, എറണാകുളം:

അംഗീകൃത തുക - 667.89826 ലക്ഷം രൂപ

ലഭ്യമായ തുക - 333.95 ലക്ഷം രൂപ

2. മാരംപള്ളി, എറണാകുളം:

അംഗീകൃത തുക - 622.77364 ലക്ഷം രൂപ

ലഭ്യമായ തുക - 311.38682 ലക്ഷം രൂപ

ഭൂരഹിത-ഭവനരഹിത പട്ടികവർഗ്ഗക്കാർ

251 (636) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ ഭൂരഹിതരുടെയും ഭവനരഹിതരുടെയും ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചു നൽകിയ ഭൂമിയുടെയും വീടുകളുടെയും ജില്ല തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിൽ 10517 ഭൂരഹിത പട്ടികവർഗ്ഗക്കാരും 36170 ഭവനരഹിത പട്ടികവർഗ്ഗക്കാരും ഉണ്ടായിരുന്നു. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചികിത്സാ ഫണ്ട്

252 (637) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന് പട്ടികവർഗ്ഗ വികസന വകുപ്പ് കോഴിക്കോട് മെഡിക്കൽ കോളേജിന് എത്ര തുക അനുവദിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ടി തുക അനുവദിച്ചു നൽകാൻ ഉണ്ടായ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചികിത്സ ചെലവിനുള്ള തുക യഥാസമയം ബന്ധപ്പെട്ട ആശുപത്രികൾക്ക് അനുവദിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1,37,48,572

(ബി) നടപ്പു സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 13 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുക പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾ, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, പരിയാരം മെഡിക്കൽകോളേജ് ഹോസ്പിറ്റൽ, വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാർ, വിവിധ പ്രോജക്ട് ഓഫീസർമാർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ എന്നിവർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക നൽകേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(സി) യഥാസമയം നടപടി സ്വീകരിച്ചു പോരുന്നു.

ദുർബല ഗോത്ര വിഭാഗങ്ങളുടെ ക്ഷേമം

253 (638) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദുർബല ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക വകയിരുത്തിയെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly